പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 131 02.07. 2015- ലെ മറുപടി

## പ്രവാസി മലയാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)യുദ്ധഭൂമിയിൽ ഉൾപ്പെടെ ജോലി ചെയ്ത പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; | എ). അഭ്യന്തര കലാപത്തെയും യുദ്ധ സമാനമായ സാഹചര്യങ്ങളെയും തുടർന്ന് ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽ അകപ്പെട്ട് പോയ കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമയോചിതമായി നടപടികൾ സ്വീകരിച്ചിരുന്നു. ഈ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ/ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി സർക്കാർ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തുകയും സഹായമഭ്യർത്ഥിക്കുന്നവർക്ക് രജിസ്ട്രേഷൻ സംവിധാനമേർപ്പെടുത്തുകയും ചെയ്തു. 24 മണിക്കൂർ ഹെൽപ് ലൈൻ മുഖാന്തിരം നാട്ടിൽ എത്തുവാൻ സഹായമഭ്യർത്ഥിച്ചവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്രവിദേശകാര്യമന്ത്രാലയവും മുഖാന്തരം തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഈ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്കായി കേരളത്തിലെ എയർപോർട്ടുകളിലും വേണ്ട സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നു. എയർപോർട്ടുകളിൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും, ചെലവുകൾക്കായി 2000 രൂപ നൽകുകയും ചെയ്തിരുന്നു. എയർപോർട്ടുകളിൽ നിന്നും അവരവരുടെ വീടുകളിലെത്തുന്നതിന് വാഹനസൗകര്യവും ഏർപ്പെടുത്തുകയുണ്ടായി. |

ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്നവരുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ് വെബ്സൈറ്റിൽ തങ്ങളുടെ പേരും വിശദാംശങ്ങളും ഓൺലൈനായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ എത്തിച്ചേർന്നവർക്ക് കേരള ഹൗസിൽ താമസ സൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നു. കൂടാതെ കേരളത്തിൽ അവരുടെ സ്വദേശങ്ങളിലെത്തുന്നതിനുള്ള ട്രെയിൻ , വിമാനടിക്കറ്റ് ഏർപ്പെടുത്തുകയും ചെയ്തു.

യെമനിൽ നിന്നും കൊച്ചി, മുംബൈ വിമാനതാവളങ്ങളിൽ തിരികെയെത്തുന്ന തമിഴ്നാട് സ്വദേശികൾക്ക് വേണ്ട സൗകര്യം നൽകണമെന്ന് തമിഴ്നാട് സർക്കാർ നോർക്കയോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി എയർപ്പോർട്ട് വഴി 156 തമിഴ്നാട്ടുകാർക്ക് സ്വദേശത്ത് എത്തുന്നതിന് സൗകര്യമൊരുക്കുകയും 2000 രൂപ വീതം ചെലവുകൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചി വഴി ഇന്ത്യയിൽ എത്തിയ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളവർക്കും 2000 രൂപ വീതം നൽകി. യെമനിൽ നിന്നും കപ്പൽ മാർഗ്ഗം കേരളത്തിലെത്തിയവർക്കും 2000 രൂപയും വാഹന സൗകര്യവും നൽകിയിരുന്നു.

| | |
|---|---|
| ബി)മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ? | ബി). മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സുസ്ഥിര വരുമാനം നേടുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in –ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈ |

എടുത്ത് എൻ.എം.സി ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിരുന്നു. കൂടാതെ അഹല്ല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 152 പേരിൽ 20 പേരും യു.എ.ഇ യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. യമനിൽ നിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

സെക്ഷൻ ഓഫീസർ